## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1946 08-12-2014-ന് മറുപടി നൽകേണ്ടത്

## വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ ലഭിക്കുന്നതിലെ കാലതാമസം

**ചോദ്യം** **ഉത്തരം**

ശ്രീ. എസ്. രാജേന്ദ്രൻ ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ തേടിയാൽ ഉടൻതന്നെ മറുപടി നൽകാവുന്ന വിവരങ്ങൾപോലും അനുവദിക്കപ്പെട്ടിട്ടുള്ളതിന്റെ അവസാന ദിവസം നൽകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2005-ലെ വിവരാവകാശനിയമം 7-)ം വകുപ്പ് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരം ഒരു വ്യക്തിയുടെ ജീവനേയോ അല്ലെങ്കിൽ സ്വാതന്ത്ര്യത്തേയോ സംബന്ധിച്ചുള്ളതാണെങ്കിൽ അപേക്ഷ ലഭിച്ച് 48 മണിക്കൂറിനകവും അല്ലാത്ത അപേക്ഷകളിൽ പരമാവധി 30 ദിവസത്തിനകവും വിവരം നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ ടി സമയപരിധിയ്ക്കുള്ളിൽ വിവരങ്ങൾ നൽകിയില്ലെങ്കിൽ മാത്രമേ നിയമപ്രകാരം നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |
| (ബി) | വിവരങ്ങൾ അപൂർണ്ണവും, സത്യവിരുദ്ധവുമായി നൽകുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കേണ്ടത്; | (ബി) (സി) | അപൂർണ്ണവും സത്യവിരുദ്ധവുമായ വിവരങ്ങൾ നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ 2005-ലെ വിവരാവകാശനിയമം 20-)ം വകുപ്പ് അനുസരിച്ചുള്ള ശിക്ഷണ നടപടികളാണ് സ്വീകരിക്കേണ്ടത്. കൂടാതെ വിവരാവകാശ നിയമത്തിലെ 20(2) വകുപ്പ് അനുസരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ ബാധകമാകുന്ന സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് വകുപ്പ്തല നടപടിയും അനുശാസിക്കുന്നുണ്ട്. |
| (സി) | ആവർത്തിച്ച് തെറ്റായ വിവരങ്ങൾ നൽകുന്ന ഓഫീസിനും ഓഫീസർക്കുമെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് നിയമം അനുശാസിക്കുന്നത്; | | |
| (ഡി) | വിവരാവകാശ നിയമത്തിന്റെ അന്തസത്തയും, സുതാര്യതയും, പൗരാവകാശവും സംരക്ഷിക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ? | (ഡി) | വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് നിയമം അനുശാസിക്കുന്ന പ്രകാരവും ഭരണപരവുമായ വിവിധ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**